"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ തുക - സാധൂകരണം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.2920/2022/LSGD തീയതി,തിരുവനന്തപുരം, 25-11-2022

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 13.07.2020 ലെ PAN/8877/2020-M3(DP) നമ്പർ കത്ത്.
2. കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20.06.2022 ഡി.കെ.എസ്.എ 265/പി.റ്റി.2/2022 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരമുള്ള 48,840/-രൂപയുടെ (നാൽപത്തി എണ്ണായിരത്തി എണ്ണൂറ്റി നാൽപതു രൂപ മാത്രം) തടസ്സപ്പെടുത്തലിന് സർക്കാർ സാധൂകരണം ലഭിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ, പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശ രേഖപ്പെടുത്തി പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. കപ്പൂർ ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തിൽ പ്രോജക്ട് നമ്പർ 298/17 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പദ്ധതി നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തിയ അവസരത്തിൽ സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി മരം/സ്റ്റീൽ കസേരകൾക്ക് പകരം ഫൈബർ കസേരകൾ വാങ്ങുന്നതിന് 48,840/- രൂപ ചെലവഴിച്ചതിനാലാണ് മേൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളത്. ഗുണമേന്മയുള്ള മരം/സ്റ്റീൽ കസേരകൾ വാങ്ങുന്നതിന് യൂണിറ്റ് വിലയായ 4000/- രൂപ അപ്രായോഗികമാണ് എന്നതിനാലും, ഗുണമേന്മയുള്ള ഫൈബർ കസേരകൾ ഈ ഉപയോഗത്തിന് അനുയോജ്യമാകും എന്നതിനാലും, പ്രോജക്റ്റ് 2016-17 വർഷം തന്നെ നടപ്പിലാക്കാൻ കഴിഞ്ഞില്ല എങ്കിൽ നിർധനരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നഷ്ടപ്പെടും എന്നതിനാലും വിദ്യാർത്ഥികളുടെ ആനുകൂല്യം നഷ്ടപെടാതിരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഫൈബർ കസേരകൾ വാങ്ങി നൽകിയത് എന്ന് ഭരണസമിതി യോഗം വിലയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2016-17 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 48,840/- രൂപയുടെ ചെലവിന് സർക്കാർ സാധുകരണത്തിനായി അപേക്ഷിക്കാനുള്ള കപ്പൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനവും ഓഡിറ്റ് തടസ്സവും 26/11/2018 തീയതിയിലെ പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ചർച്ച ചെയ്തിരുന്നതും സർക്കാർ സാധൂകരണത്തിനായി ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും

ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാലാണ് തുക തടസ്സപ്പെടുത്തിയത്. എസ്.സി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ എന്ന പദ്ധതിയിൽ മരം, സ്റ്റീൽ കൊണ്ടുള്ള മേശയും കസേരയും വാങ്ങുന്നതിന് പകരം സ്റ്റീൽ, ഫൈബർ ഇനത്തിലുള്ളവ വാങ്ങിയതിനാണ് തുക തടസ്സപ്പെടുത്തിയിരുന്നത്. ഈ പദ്ധതി നടത്തിയതിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നിട്ടില്ല എന്ന ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ വിലയിരുത്തൽ പരിഗണിക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ നിന്നും അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ചിലവിന് സാധൂകരണം നൽകുന്നതിന് ഓഡിറ്റ് വകുപ്പിന് എതിർപ്പില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാലാണ് തുക തടസ്സപ്പെടുത്തിയത്. ആയതിനാൽ ഇത്തരം പ്രവണത ഒഴിവാക്കുന്നതിനും, മേലിൽ ഇത് ആവർത്തിക്കാതിരിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ് എന്ന നിർദ്ദേശത്തോടെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ ശിപാർശ, ഈ പദ്ധതി നടത്തിയതിൽ ഗ്രാമ പഞ്ചായത്ത്ഫണ്ടിന് നഷ്ടം വന്നിട്ടില്ല എന്ന ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ വിലയിരുത്തൽ എന്നിവ പരിഗണിച്ചും പ്രസ്തുത ചിലവിന് സാധൂകരണം നൽകുന്നതിന് ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലാത്തതിനാലും പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമ പഞ്ചായത്തിലെ 2016-17 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 48,840/-രൂപയ്ക്ക് (നാൽപത്തി എണ്ണായിരത്തി എണ്ണൂറ്റി നാൽപതു രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് വകുപ്പ്, പാലക്കാട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
സെക്രട്ടറി, കപ്പൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ